**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2824** **18-03-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള സ്കിൽ ട്രെയിനിങ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ നോളജ് എക്കണോമി ആക്കുന്നതിന്റെ ഭാഗമായി 20 ലക്ഷം തൊഴിൽ സൃഷ്ടിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം സ്കിൽ ട്രെയിനിങ് പരിപാടികളാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടന്നുവരുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) | വകുപ്പ് മുഖേന 2019-20 വരെ അനുവദിച്ച നൈപുണ്യ വികസന പരിശീലന പരിപാടികളിൽ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന പരിശീലന പരിപാടികൾ നിലവിൽ നടന്നുവരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട, തൊഴിൽരഹിതർക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിവര സാങ്കേതികം, ഇലക്ട്രിക്കൽ & ഓട്ടോമൊബൈൽ എൻജിനീയറിംഗ്, ടെക്സ്റ്റൈൽ ഡിസൈനിംഗ് എന്നിങ്ങനെ വിവിധ മേഖലകളിൽ വിവിധ സർക്കാർ/സർക്കാരിതര ഏജൻസികൾ മുഖേന നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാർക്കായി പ്രത്യേക സ്കിൽ ട്രെയിനിങ് പരിപാടികൾ ആരംഭിക്കുന്നതാണ്. |
| (ബി) | 2020 21 രണ്ടായിരത്തി 21 22 സാമ്പത്തിക വർഷങ്ങളിൽ ഏതെല്ലാം വിഷയങ്ങളിലുള്ള സ്കിൽ വികസന പരിപാടികളാണ് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ മുഖേന നടന്നിട്ടുള്ളത് ; ഇവയിൽ ഓരോന്നിലും എത്ര പേർ വീതം പങ്കെടുത്തു; എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞു; | (ബി) | പട്ടികജാതി വികസന വകുപ്പ് മുഖേന 2020-21, 2021-22 വർഷങ്ങളിൽ നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പ് 2020-21 സാമ്പത്തിക വർഷം 50 കുട്ടികൾക്കായി എയർലൈൻ കസ്റ്റമർ സർവ്വീസ് എന്ന കോഴ്സും 100 കുട്ടികൾക്കായി എയർലൈൻ & എയർപോർട്ട് മാനേജ്മെന്റ് എന്നീ കോഴ്സുകൾ ആരംഭിച്ചു. കോഴ്സുകൾ പൂർത്തീകരിച്ച ശേഷം പ്ലേയ്സ്മെന്റ് നൽകുന്നതാണ്. |
| (സി) | 2016 മുതൽ 2021 വരെ ഓരോ സാമ്പത്തിക വർഷവും ഇപ്രകാരം പരിശീലനം പൂർത്തിയാക്കിയവർ എത്ര; അവരിൽ തൊഴിൽ ലഭിച്ചവർ എത്ര; പുതിയ സർക്കാർ വന്നതിനു ശേഷം പട്ടികജാതി പട്ടികവർഗ്ഗ ക്കാർക്കായി എത്ര സ്കിൽ പരിശീലനങ്ങൾക്ക് കരാർ നൽകിയിട്ടുണ്ട്; ഏതെല്ലാം വിഷയങ്ങളിൽ ഏതൊക്കെ | (സി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |

| | | | |
|---|---|---|---|
| | സ്ഥാപനങ്ങൾക്കാണ് കരാർ നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ; | | |
| (ഡി) | 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഇപ്രകാരം പരിശീലനം നടത്തിയ സ്ഥാപനങ്ങൾക്ക്/ ഏജൻസികൾക്ക് കരാർ പ്രകാരമുള്ള പണം നൽകാൻ ബാക്കിയുണ്ടോ; ഏതെല്ലാം ഏജൻസികൾക്ക് എത്ര രൂപ വീതം നൽകാനുണ്ട്; കുടിശ്ശിക വരാനുള്ള കാരണം വ്യക്തമാക്കുമോ? | (ഡി) | പട്ടികവർഗ്ഗ വികസന വകുപ്പ് 2020-21 സാമ്പത്തിക വർഷം എയർലൈൻ കസ്റ്റമർ സർവ്വീസ്, എയർലൈൻ & എയർപോർട്ട് മാനേജ്മെന്റ് എന്നീ കോഴ്സുകൾ നടത്തുന്നതിലേക്കായി ഡ്രീംസ്കൈ ഏവിയേഷൻ അക്കാഡമി എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയത്. എയർലൈൻ കസ്റ്റമർ സർവ്വീസ് കോഴ്സിനായി വകയിരുത്തിയ 1,31,00,000/- രൂപയിൽ 98,25,000/- രൂപയും, എയർലൈൻ & എയർപോർട്ട് മാനേജ്മെൻറ് കോഴ്സിനായി വകയിരുത്തിയ 99,00,000/-രൂപയിൽ 74,25,000/- രൂപയും സ്ഥാപനത്തിന് നൽകേണ്ടതുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കുട്ടികളെ തിരഞ്ഞെടുക്കുന്നതിൽ വന്ന കാലതാമസവും പരിശീലനം ആരംഭിക്കുന്നതിന് വന്ന കാലതാമസവുമാണ് കുടിശ്ശിക വരുന്നതിന് കാരണം. പരിശീലന പരിപാടിയുടെ ഓരോ ഘട്ടത്തിലേയും പുരോഗതിയ്ക്ക് അനുസരിച്ചാണ് ഫണ്ട് അനുവദിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ